"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാസ് ഡോഗ് വാക്സിനേഷൻ, പബ്ളിക് അവയർനെസ് എന്നിവ നടത്തുന്നതിന് Animal Welfare Board of India യുടെ അംഗീകാരമുള്ള CAWA (Compassion for Animal Welfare Association) യ്ക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പൊതു അനുമതി (Blanket Permission) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി)വകുപ്പ്**

സ.ഉ.(സാധാ) നം.1933/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.12.2024 തീയതിയിലെ LSGD/PD/41515/2024/PH-2 നമ്പർ കത്ത്
2. CAWA (Compassion for Animal Welfare Association) എന്ന സംഘടനയുടെ 28.11.2024 തീയതിയിലെ കത്ത്.
3. 10.07.2025 തീയ്യതിയിലെ മൃഗസംരക്ഷണ (ജി) വകുപ്പിന്റെ G3/38/2025-AH നമ്പർ അഭിപ്രായം.

**ഉത്തരവ്**

തെരുവുനായ ആക്രമണം സംസ്ഥാനത്ത് അതിരൂക്ഷമാണ്. ഇത് നിയന്ത്രിയ്ക്കുന്നതിനായി സംസ്ഥാനത്ത് എ.ബി.സി പദ്ധതി, Anti Rabies Vaccination പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത സാഹചര്യം പരിഗണിച്ച് സംസ്ഥാന വ്യാപകമായി CSR ഫണ്ടുപയോഗിച്ച് Mass Dog Vaccination, Public Awareness എന്നിവ നടപ്പാക്കാൻ CAWA പരാമർശം (2) പ്രകാരം അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തു വർദ്ധിച്ചു വരുന്ന തെരുവ് നായ ആക്രമണങ്ങളുടെ സാഹചര്യത്തിൽ സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് മാസ് ഡോഗ് വാക്സിനേഷൻ, പബ്ലിക് അവയർനെസ് എന്നിവ നടത്തുന്നതിന് CAWA (Compassion For Animal Welfare Association)) യ്ക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിധേയമായി പൊതുഅനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മൃഗ സംരക്ഷണ വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് , തിരുവനന്തപുരം
മൃഗ സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
പ്രൊജക്റ്റ് മാനേജർ, CAWA (Compassion For Animal Welfare Association)
എല്ലാ ജില്ലാ മൃഗ സംരക്ഷണ ഓഫീസർമാർക്കും,(മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ താലൂക്ക് മൃഗ സംരക്ഷണ ഓഫീസർമാർക്കും (മൃഗ സംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്)- തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.(വെബ്&ന്യൂ മീഡിയ)
കരുതൽ ശേഖരം/ ഓഫീസ് കോപ്പി (RC1/288/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
സെക്ഷൻ ഓഫീസർ
Date: 05-08-2025 12:43:50